ഷോപ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറ ബിൽ.

* ൭൫൯. (൧൫൫) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏതെല്ലാം പട്ടണങ്ങളിൽ 'ഷോപ്സ് ആൻറ് എസ്റ്റാബ്ലിഷ്മെൻറബിൽ' നടപ്പിൽ വരുത്തിയിട്ടുണ്ട്.

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുവരെ ഈ നിയമം നടപ്പാക്കാതിരുന്നത്;

Sri. Panmpilli Govinda Menon (a) The Shops and Establishment Act has not been enforced.

(*b*) The rules and notifications have to be published before the Act can be enforced, for which steps are being taken.

ശ്രീ. എ. കെ. ശങ്കുണ്ണി: കൊച്ചിയിൽ ഈ നിയമം എന്നാണ് പാസായതെന്ന പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചിയിൽ നിയമം പാസായശേഷം തിരുവിതാംകൂർ കൊച്ചി സംയുക്തസ്റ്റേറ്റിനുവേണ്ടി കഴിഞ്ഞ സെഷനിൽ ഒരു ബിൽ പാസാക്കുകയുണ്ടായി.

ശ്രീ. എ. കെ. പാച്ചുപിള്ള: അതുസംബന്ധിച്ച റൂൾസ് തയ്യാറായികഴിഞ്ഞോ:

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തയാറായിക്കഴിഞ്ഞു എന്നതന്നെ പറയാം.

ശ്രീ. പി. സി. തോമച്ചൻ: അടുത്തകാലത്തുതന്നെ ഈ നിയമത്തിൻറെ ഗുണം അനുഭവിക്കാൻ ഈ നിയമത്തിലടങ്ങിയിട്ടുള്ള തൊഴിലാളികൾക്ക് സാധിക്കുമോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്തകാലത്തുതന്നെ അതിൻറെ ഗുണം അനുഭവിക്കുന്നതിനുള്ള സന്ദർഭം ഉണ്ടാകുമെന്നു വിചാരിക്കാം.

ശ്രീ. പി. കെ. ഡീവർ: ഇൻറഗ്രേഷനുമായു് ഇതുസംബന്ധിച്ചുള്ള റൂൾസ് തയ്യാറാക്കിയിരുന്നില്ലെ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്. എന്നാൽ അതിനുശേഷം ഒരു പുതിയ ലജിസ്ലേഷൻ ഉണ്ടായി.

ഗവണ്മെൻറിലേക്കു എടുത്ത നെല്ല്

* ൭൫൦. (൧൫൫) സാഹിബ് ബഹദൂർ വി: ചേലാടി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട സിവിലിംസപ്ലൈസ് വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

(എ) ൧൯൫൪-ൽ കൊച്ചിയിൽ കൃഷിക്കാരിൽനിന്നും എത്ര പറ നെല്ല് ഗവണ്മെൻറിലേക്കു എടുത്തിട്ടുണ്ട്;

(ബി) പ്രസ്തുത നെല്ല് മുഴുവൻ മില്ലുകളിൽ എത്തിച്ചു കൊടുപ്പാൻ ആരെയാണ് ഏൽപ്പിച്ചിരുന്നത്;

(സി) തലപ്പിള്ളി താലൂക്കിലെ ൧൯൫൫-ലെ നെല്ലുകൊയ്ത് മില്ലുകളിൽ എത്തിക്കുവാൻ ആക്കാണ് കരാറു കൊടുത്തിരുന്നത് എന്നും കരാറിലെ നിശ്ചയങ്ങൾ എന്തെന്നും പറയുമോ;

(ഡി) നിശ്ചയമനുസരിച്ച് കരാറുകാരൻ പ്രവർത്തിക്കുന്നുണ്ടോ;

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) ൫൫൯,൯൫൫ പറ നെല്ല്

(ബി)

(എ) മുകുന്ദപുരം താലൂക്ക്.

(൧) ശ്രീ. മനവലശ്ശേരി തളിയത്തു് പൈലോതു് പൈലോതു്.

(൨) ശ്രീ. മനവലശ്ശേരി തളിയത്തു് പൈലോതു് ഔസേപ്പു്.

(ബി) തൃശ്ശൂർ താലൂക്ക്.

സി. എം. ഫ്രൈസ് മിൽ.

(സി) തലപ്പിള്ളി താലൂക്ക്.

(൧) ശ്രീ. മാഞ്ഞില ഇറവാച്ചൻ ചാക്കോരു.

(൨) ശ്രീ. പെരിഞ്ഞേരി അന്തോണി പോൾ.

LIBRARY ARCHIVES Kerala Legislative Assembly